## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4883** — **02-07-2024 - ൽ മറുപടിയ്ക്ക്**

## ഗോത്ര ജീവിക പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനായി ആരംഭിച്ച ഗോത്ര ജീവിക പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്.<br><br>ഗോത്രജീവിക പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിൽ സന്നദ്ധരായ 1170 യുവതീയുവാക്കൾക്ക് മേസണറി, മരപ്പണി, പ്ലംബിംഗ്, ഇലക്ട്രിക്കൽ വയറിംഗ്, ബിൽഡിംഗ് മെറ്റീരിയൽസ്, ഡ്രൈവിംഗ്, വനിതകൾക്കായി വസ്ത്രനിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകിയിരുന്നു. ഒന്നാം ഘട്ടത്തിൽ പ്രായോഗിക പരിശീലനം ലഭിച്ച 1050 പേരെ ഉൾപ്പെടുത്തി 57 സ്വാശ്രയ സംഘങ്ങൾ വിവിധ ജില്ലകളിലായി രൂപീകരിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിൽ പരിശീലനം ലഭിച്ചവർ ഭവനനിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും, തയ്യൽ പരിശീലനം നേടിയവർ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടത്തി വരുന്നു. ഗോത്രജീവിക രണ്ടാം ഘട്ടത്തിൽ 1050 ഗുണഭോക്താക്കളെയാണ് പരിശീലനത്തിന് ഉൾപ്പെടുത്തിയിരുന്നതെങ്കിലും, പരിശീലനത്തിൽ സ്ഥിരമായി പങ്കെടുക്കാത്ത 210 പേരെ ഒഴിവാക്കി 840 പേർക്ക് പരിശീലനം നൽകി 27 സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഗോത്രവർഗ്ഗക്കാർ വസിക്കുന്ന പ്രദേശങ്ങളിൽ ആധുനിക കൃഷി രീതികൾ പ്രോൽസാഹിപ്പിക്കുന്നതിനും പാരമ്പര്യ കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, വിപണനം, മൂല്യവർദ്ധനം എന്നിവ ഉറപ്പുവരുത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ഗോത്രവർഗ്ഗക്കാർ വസിക്കുന്ന പ്രദേശങ്ങളിൽ ആധുനിക കൃഷി രീതികൾ പ്രോൽസാഹിപ്പിക്കുന്നതിനും പാരമ്പര്യ കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, വിപണനം, മൂല്യവർദ്ധനം എന്നിവ ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി, വട്ടലക്കി ഫാമിംഗ് സൊസൈറ്റി, ആറളം ഫാം എന്നിവയിൽ ആധുനിക രീതിയിലുള്ള കാർഷിക പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനും, നവീകരിക്കുന്നതിനും ഇതിലൂടെ സംഭരണം, സംസ്കരണം, വിപണനം, മൂല്യ വർദ്ധനം എന്നിവ നടപ്പിലാക്കിയും വരുന്നു. അട്ടപ്പാടി കോ-ഓപ്പറേറ്റിവ് ഫാമിംഗ് സൊസൈറ്റിയുടെ ഉത്പന്നങ്ങൾ Offline മുഖേനയും, E-auction platform വഴിയും ലേലം നടത്തി വരുന്നു. സംഘത്തിന്റെ ഉൽപന്നങ്ങൾക്ക് ഓർഗാനിക് സർട്ടിഫിക്കറ്റ് ഉള്ളതുകൊണ്ട് സാധാരണ മാർക്കറ്റിലെ വിലയേക്കാളും കൂടുതൽ വില ലഭിക്കുന്നു. ടി ഉത്പന്നങ്ങൾ സംഘത്തിന്റെ വിപണ കേന്ദ്രങ്ങളിലൂടെയും, TRIFED Outletകൾ, ഫെയർ എന്നിവകളിലൂടെയും, Amazon Platform വഴിയും India International Trade Fair, സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മേളകളിലും വിപണനം നടത്തി വരുന്നു. ആറളം ഫാം മുഖേന നടപ്പിലാക്കുന്ന മൂല്യവർദ്ധിത ഉത്പ്പന്നങ്ങളായ വെളിച്ചെണ്ണ, തേൻ, കശുവണ്ടി ബൺ, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ ആറളം ബ്രാൻഡിൽ വിപണനം നടത്തുന്നു.<br><br>സ്വന്തമായി ഭൂമിയുള്ള കൃഷി ചെയ്യുവാൻ താൽപര്യമുള്ള കർഷകർക്ക് ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി വകുപ്പിന്റെ ധനസഹായത്തോടെ 1300 ഏക്കർ ഭൂമി കൃഷിനിലങ്ങളാക്കി മാറ്റുന്നതിന് 2019 മുതൽ അട്ടപ്പാടിയിൽ 'നമത് വെള്ളാമെ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സി.എം.ഡി യുടെ സാങ്കേതിക സഹകരണത്തോടെ 'ഹരിത രശ്മി' എന്ന പേരിൽ ഒരു പദ്ധതി ഇടുക്കി, വയനാട് ജില്ലകളിൽ നടപ്പിലാക്കി വരുന്നു. കൂടാതെ പ്രാദേശിക ആവശ്യങ്ങൾ ഉൾക്കൊണ്ട് കോർപ്പസ് ഫണ്ട് വിനിയോഗിച്ചും ഇത്തരം ഇടപെടലുകൾ വകുപ്പ് നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ